കേരള നിയമസഭാ നടപടികൾ

ഏഴാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

1986 ജൂലായ് 24, വ്യാഴം

വാല്യം LXVII] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 16

നിയമസഭ 1986 ജൂലായ് 24—ാം തീയതി വ്യാഴാഴ്ച രാവിലെ 8.30.ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽ കൂടി.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകുന്ന ഉത്തരങ്ങൾ

ടെലിവിഷൻ റിലേ കേന്ദ്രങ്ങൾ

* 253 [392] ശ്രീ. കൊരമ്പയിൽ അഹമ്മദ് ഹാജി:
,, പി. കെ. കുഞ്ഞാലിക്കുട്ടി:
,, പി. കെ. കെ. ബാവ:
,, ഇ. ടി. മുഹമ്മദു ബഷീർ:
,, പി. എം. അബൂബക്കർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ടെലിവിഷൻ പ്രോഗ്രാം റിലേ കേന്ദ്രങ്ങളാണ് ഉള്ളത്, അവ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പുതുതായി റിലേ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അവ എവിടെയെല്ലാമാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്?

നിയമവും ജലസേചനവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി):

(എ) തിരുവനന്തപുരത്തും കൊച്ചിയിലും ഓരോ ഹൈ പവർ ട്രാൻസ്മിറ്റർ കേന്ദ്രങ്ങളും കണ്ണൂർ, കോഴിക്കോട് , പാലക്കാട് എന്നിവിടങ്ങളിൽ ഓരോ ലോ പവർ ട്രാൻസ്മിറ്റർ കേന്ദ്രങ്ങളുമാണ് ഇപ്പോഴുള്ളത്.

(ബി, സി) ഏഴാം പഞ്ചവൽസര പദ്ധതിക്കാലത്ത് കാസർകോട്, മലപ്പുറം, കൽപ്പറ്റ, ഇടുക്കി എന്നീ സ്ഥലങ്ങളിലാണ് ലോ പവർ റിലേ ട്രാൻസ്മിറ്റിംഗ് കേന്ദ്രങ്ങൾ ആരംഭിക്കാൻ കേന്ദ്ര ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കെ. ബാവ: തിരുവനന്തപുരത്തുനിന്നും മലയാളം പരിപാടി റിലേ ചെയ്യുന്നതുപോലെ കോഴിക്കോട്ടുനിന്നും മലയാളം പരിപാടി റിലേ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. എം. മാണി: അത് ചെയ്യണമെന്നുണ്ടെങ്കിൽ ആദ്യം തിരുവനന്തപുരവും കൊച്ചിയും തമ്മിലും പിന്നീട് തിരുവനന്തപുരവും കോഴിക്കോടും തമ്മിലും മൈക്രോവേവുമായി ബന്ധപ്പെടുത്തേണ്ടിയിരിക്കുന്നു. അങ്ങനെ മൈക്രോവേവുമായി ബന്ധപ്പെടുത്തിക്കഴിഞ്ഞാൽ നമുക്ക് പല പരിപാടികളും സംപ്രേഷണം ചെയ്യാൻ കഴിയും.

ശ്രീ. പി. കെ. കെ. ബാവ: നമ്മുടെ സംസ്ഥാനത്തിലെ സാംസ്കാരിക തലസ്ഥാനമായിട്ടുള്ള തൃശ്ശൂരിലോ പ്രശസ്തമായിട്ടുള്ള ഗുരുവായൂരിലോ ഒരു ടെലിവിഷൻപ്രോഗ്രാം കേന്ദ്രം ആരംഭിക്കുന്നതിന് ഈ സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. എം. മാണി: ടെലിവിഷൻ കേന്ദ്രങ്ങളും ജില്ലാടിസ്ഥാനത്തിൽ വീതിച്ചുകൊടുക്കുന്നവയല്ല. കേരളത്തിൽ മൊത്തം കവറേജ് കിട്ടാൻ ഇന്നയിന്ന സ്ഥലത്ത് കുറെ സ്ഥാപിച്ചാൽ കിട്ടുമെന്നുണ്ട്. ആ പത്തു സ്ഥലങ്ങളിൽ കേരളത്തിൽ ട്രാൻസ്മിറ്റർ വച്ചുകഴിഞ്ഞാൽ കേരളമൊട്ടാകെ കവറേജ് കിട്ടുന്നതാണ്.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: നിലവിലുള്ള റിലേ സ്റ്റേഷനുകളുടെ കപ്പാസിറ്റി കൂട്ടി കൂടുതൽ മേഖലകളും കവർ ചെയ്യാനാവശ്യമായ നടപടികളും എടുക്കാൻ മുന്നോട്ടു വരുമോ?

ശ്രീ. കെ. എം. മാണി: കപ്പാസിറ്റി കൂട്ടുക എന്നു പറയുന്നത് ലോ വോൾട്ടേജ് ഉള്ളത് ഹൈ വോൾട്ടേജ് ആക്കുക എന്നുള്ളതുമാത്രമേയുള്ളൂ. ഹൈ പവർ രണ്ടു സ്ഥലത്തേയുള്ളൂ, തിരുവനന്തപുരത്തും കൊച്ചിയിലും.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ഈ റിലേ കേന്ദ്രങ്ങളിലൂടെ ഇപ്പോൾ പ്രക്ഷേപണം ചെയ്യുന്നത് ഡൽഹിയിൽനിന്നും വരുന്ന പരിപാടികളാണ്. ഡൽഹിയിൽനിന്നും പ്രക്ഷേപണം ചെയ്യുന്ന പരിപാടികളിൽ ക്ഷീണേന്ത്യൻ ഭാഷകളിലുള്ള പരിപാടികളും ഉൾക്കൊള്ളിക്കുന്നില്ലെന്ന് വ്യാപകമായ പരാതി ഉയർന്നുവന്നിരിക്കുന്ന പരിതഃസ്ഥിതിയിൽ ഡൽഹിയിൽനിന്നും പ്രക്ഷേപണം ചെയ്യുന്ന പരിപാടികളിൽ മലയാളം പരിപാടി ഉൾപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. എം. മാണി: ഡൽഹിയിൽനിന്നുമുള്ള പരിപാടിയിൽ മലയാളം പരിപാടികളും കൂടുതൽ ഉൾപ്പെടുത്തുന്നത് നല്ലതാണ്. അതിനുവേണ്ടി ശ്രമിക്കാം. പക്ഷേ നമ്മുടെ ആവശ്യം, കേരളത്തിലൊട്ടാകെ നമ്മുടെ പരിപാടികളും ഇഷ്ടംപോലെ കൊടുക്കാനുള്ള സംവിധാനമുണ്ടാക്കുക എന്നുള്ളതാണ്.

ശ്രീ. എ. സി. ഷൺമുഖദാസ്: ബഹുമാനപ്പെട്ട മന്ത്രി ഇവിടെ മറുപടി പറഞ്ഞപ്പോൾ മൈക്രോവേവ് ചാനലിന്റെ കാര്യം പറഞ്ഞു. കോഴിക്കോട് ഇപ്പോഴും റിസർവ്ഡായി കിടക്കുകയാണ്. കൊച്ചിയിൽ മാത്രമാണ് ചില പ്രശ്നങ്ങളുള്ളത്. ഇതുസംബന്ധിച്ച് കേരളാ ഗവൺമെന്റ് ദൂരദർശൻകാരുമായി വല്ല ചർച്ചയും നടത്തിയിട്ടുണ്ടോ; ടെലികമ്മ്യൂണിക്കേഷൻ ഡിപ്പാർട്ടുമെന്റുമായി ചർച്ച നടത്തിയാൽ വളരെ എളുപ്പത്തിൽ പരിഹാരം കാണുവാൻ കഴിയുന്നതാണെന്ന ഒരഭിപ്രായമുണ്ട്. അതു സംബന്ധിച്ച് ഗവൺമെന്റിന്റെ അഭിപ്രായമെന്താണ്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി: കേരള ഗവൺമെന്റ് ദൂരദർശനുമായും, ദൂരദർശൻ വാർത്താവിതരണവകുപ്പുമായും സ്ഥിരമായി ബന്ധപ്പെട്ടു കൊണ്ടിരിക്കുകയാണ്. 1987–88–ൽ നമുക്ക് മൈക്രോവേവ് ബന്ധം സ്ഥാപിക്കാൻ കഴിയുമെന്നാണ് ഇപ്പോഴത്തെ കണക്ക്.

ശ്രീ. ഇ. കെ. നായനാർ: ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു 1987–88-ൽ ഇത് നടപ്പാക്കാൻ കഴിയുമെന്ന്. അതിരിക്കട്ടെ. ഒരു പക്ഷേ പാലായിൽ വരുമായിരിക്കും. ഞാൻ ഇതിന്റെ ഭാരവാഹികളുമായിട്ട് (ഇന്ത്യാ ഗവൺമെന്റുമായിട്ടല്ല) സംസാരിച്ചപ്പോൾ എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത് ഇന്നത്തെ നിലയിൽ പോയാൽ പത്തുകൊല്ലംകൊണ്ട് കേരളമാകെ വരുമോ എന്നകാര്യം സംശയമാണെന്നാണ്. ശ്രീമാൻ മാണി മറുപടി പറഞ്ഞിട്ട് കാര്യമൊന്നുമില്ല. എന്റെ അഭിപ്രായത്തിൽ കേരളാ ഗവൺമെന്റ് കേന്ദ്രത്തിൽ വലിയ സമ്മർദ്ദം ചെലുത്തിയാൽമാത്രമേ കേരളാടിസ്ഥാനത്തിൽ മലയാളം പരിപാടി സംപ്രേക്ഷണം ചെയ്യാൻ കഴിയുകയുള്ളൂ. അത് അഞ്ചു കൊല്ലത്തിനുള്ളിൽ കഴിയുമോ എന്നാണ് എനിക്ക് അറിയേണ്ടത്.

ശ്രീ. കെ. എം. മാണി: മൈക്രോവേവിനേക്കാൾ പ്രധാനമായിട്ടുള്ളത് 'ഇൻസാറ്റ്—സി' ഉപഗ്രഹംവഴി കേരളം മുഴുവൻ കവറേജ് കിട്ടുക എന്നുള്ളതാണ്. അതിനുവേണ്ടിയാണ് നമ്മൾ കൂടുതൽ ശ്രമിക്കേണ്ടിയിരിക്കുന്നതും ഇപ്പോൾ ശ്രമിച്ചുകൊണ്ടിരിക്കുന്നതും.

ശ്രീ. കെ. രാഘവൻ മാസ്റ്റർ: നിരക്ഷരരായ ഗിരിവർഗ്ഗക്കാർക്കും അതുപോലെയുള്ള ആളുകൾക്കും വിദ്യാഭ്യാസം നൽകുന്നതിനുവേണ്ടി, വായിക്കാനോ അല്ലെങ്കിൽ പത്രങ്ങളിലൂടെയോ കാര്യങ്ങൾ മനസ്സിലാക്കാൻ സാധിക്കാത്ത ആൾക്കാർക്ക് എളുപ്പത്തിൽ കാര്യങ്ങൾ മനസ്സിലാക്കാൻ ഉപയോഗിക്കാവുന്നതാണ് ടി. വി. ഇന്ന് ഗിരിവർഗ്ഗകോളനികളിലും ഹരിജൻകോളനികളിലുമെല്ലാം ടി. വി. സെറ്റുകൾ നൽകുന്നുണ്ട്. വയനാട്പോലെയുള്ള പ്രദേശങ്ങളിൽ അത് സൗജന്യമായി കൊടുക്കുവാനും അവർക്ക് വിവരം നൽകുവാനും കഴിയുന്നില്ല. അതുകൊണ്ട് കൽപ്പറ്റയിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന റിലേകേന്ദ്രം എപ്പോൾ തുടങ്ങാൻ സാധിക്കും, എത്രയും വേഗം തുടങ്ങാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. എം. മാണി: ഇതൊക്കെ പെട്ടെന്ന് സ്ഥാപിക്കണമെന്നാണ് ഉദ്ദേശം. ഇനി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത് മുഴുവനും എത്രയും പദ്ധതികാലഘട്ടത്തിൽ പൂർത്തിയാക്കണമെന്നുള്ളതാണ്.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: പൊതുവേ ദൂരദർശൻകാരുടെ പരിപാടി കണ്ടാൽ മലയാളത്തിനോട് ഒരു അവജ്ഞ കാണിക്കുന്നതുപോലെ തോന്നും. കേരളത്തിന്റെ കാര്യം വരുമ്പോൾ മറ്റു പലതിലുമെന്നപോലെ ഇതിലും സ്വാഭാവികമായി അവഗണനയുണ്ടെന്നു ഞങ്ങൾ പറയും. നിങ്ങൾ അത് നിഷേധിക്കും. അതിൽ 'സത്യം ഉണ്ടെന്നുള്ളതാണ് വസ്തുത. ഞാൻ പറഞ്ഞുവന്നത് കഴിഞ്ഞ ദിവസം ദൂരദർശന്റെ ഇവിടത്തെ ഭാരവാഹികളിൽനിന്ന് ഒരു കമ്മറ്റ്മെന്റ് എനിക്ക് കിട്ടി. ആ കമ്മറ്റ്മെന്റ് തന്നതായാലും ഒന്നുകിൽ ഇംഗ്ലീഷ് വിദ്യാഭ്യാസമുണ്ടാകണം അല്ലെങ്കിൽ ഹിന്ദി പഠിച്ചിരിക്കണം. മലയാളം മാത്രം അറിയാവുന്നവർക്ക് മലയാളത്തിൽ ഈ ദൂരദർശൻ പരിപാടികളെപ്പറ്റി എന്തെങ്കിലും എഴുതി

LIBRARY ARCHIVES Kerala Legislative Assembly

അയയ്ക്കണമെങ്കിൽ സാദ്ധ്യമല്ല. ഒരു എം. എൽ. എ. ഇംഗ്ലീഷോ ഹിന്ദിയോ അറിഞ്ഞുകൊള്ളണമെന്നാണോ; അതുകൊണ്ട് കസ്റ്റംസ് തയ്യാറാക്കുന്ന സന്ദർഭത്തിലെങ്കിലും മലയാളഭാഷകൂടി ഉൾപ്പെടുത്താനുള്ള നിർദ്ദേശം കൊടുക്കുമോ?

ശ്രീ. കെ. എം. മാണി: മലയാളപരിപാടികൾക്കു തീർച്ചയായും മലയാളഭാഷതന്നെയാണ് ഉപയോഗിക്കുന്നത്. ആ നിലയിലുള്ള കാര്യങ്ങൾക്ക് ഏർപ്പാട് ചെയ്യാം.

ശ്രീ. എ. സി. ജോസ്: ഏഴാം പദ്ധതിക്കാലത്ത് കേരളത്തിൽ എല്ലാ ഭാഗത്തും പരിപാടി എത്തുമെന്നു പറഞ്ഞു. ഇപ്പോൾ തന്നെ എറണാകുളവുമായി ബന്ധിപ്പിക്കുന്ന രീതിയിൽ രണ്ടു മൈക്രോവേവ് ചാനലുകളുണ്ടെന്നാണ് അറിയുന്നത്. അതിലൊന്ന് സ്പെയർ ആയിട്ട് ഇടാൻ കഴിയുമെന്നും ഒന്ന് ഉപയോഗിക്കാൻ കഴിയുമെന്നുമാണ് പോസ്റ്റ് ആൻറ് ടെലഗ്രാഫ് ഡിപ്പാർട്ടുമെൻറിൽ നിന്നും അറിയാൻ കഴിഞ്ഞത്. നമ്മുടെ ഗവൺമെൻറ് ആവശ്യമായ സമ്മർദ്ദം ഇക്കാര്യത്തിൽ ചെലുത്താത്തുകൊണ്ടാണ് ഇത് ലഭിക്കാതിരിക്കുന്നതെന്ന് വ്യാപകമായ ആരോപണങ്ങളും വിവാദങ്ങളും ഉണ്ടായിരിക്കുകയാണ്. ആ നിലയ്ക്ക് ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം മൂന്നു മാസത്തിനകത്ത് എറണാകുളത്ത്, തിരുവനന്തപുരത്ത് നടത്തുന്ന പരിപാടികൾ എത്തത്തക്കരീതിയിൽ മൈക്രോവേവ് ചാനലുകൾ വാടകക്ക് എടുത്ത് ഉപയോഗിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കാൻ ഗവൺമെൻറ് തയ്യാറാകുമോ?

ശ്രീ. കെ. എം. മാണി: നമ്മുടെ ഗവൺമെൻറ് സമ്മർദ്ദം ചെലുത്താത്തുകൊണ്ടാണെന്നുള്ളത് ശരിയല്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പലതവണ കേന്ദ്രവാർത്താവിതരണവകുപ്പുമായി വളരെ വളരെ സമ്മർദ്ദം ആ കാര്യത്തിൽ ചെലുത്തിയിട്ടുണ്ട്. വളരെയധികം കത്തുകളയച്ചിട്ടുണ്ട്. നമ്മൾ അത് വീണ്ടും പേഴ്സ്യൂ ചെയ്യുകയാണ്.

ശ്രീ. ലോനപ്പൻ നമ്പാടൻ: മലയാള പരിപാടികൾ മലയാളത്തിൽ കൊടുക്കുമെന്ന് മാണിസാർ പറഞ്ഞു. ടെലിവിഷനിൽ ഇംഗ്ലീഷും ഹിന്ദിയും മാത്രമേയുള്ളൂ. മലയാളത്തിന് കൂടുതൽ സമയം അനുവദിക്കുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുവാൻ കേരളത്തിലെ ഒരു പാർട്ടിയുടെ നേതാവ് എന്ന നിലയിൽ ശ്രീ. കെ. എം. മാണി മുൻകൈ എടുക്കുമോ?

ശ്രീ. കെ. എം. മാണി: അതാണ് നമ്മുടെ ആവശ്യം. തിരുവനന്തപുരം ഒരു സമ്പൂർണ്ണകേന്ദ്രമാക്കിത്തീർക്കുന്നുവെങ്കിൽ മലയാളപരിപാടികൾ നടത്താൻ സാധിക്കും. 6.30 മുതൽ 7.30 വരെയാണ് ഇപ്പോൾ മലയാളം പരിപാടികൾ. 7.30 മുതൽ 7.40 വരെയാണ് വാർത്തകൾ നൽകുന്നത്. 7.40 മുതൽ ഡൽഹി പരിപാടിയാണ്. ഇതൊരു സമ്പൂർണ്ണ കേന്ദ്രമായി മാറുന്നുവെങ്കിൽ നമുക്ക് 6 മുതൽ 8:40 വരെ കേരളപരിപാടികൾ—മലയാളപരിപാടികൾ—നടത്താൻ കഴിയും. അതുകൊണ്ട് ഇന്നത്തെ സംവിധാനത്തിനേറെയും സജ്ജീകരണങ്ങളുടേയും പോരായ്മകൊണ്ടാണ്, അല്ലാതെ നമ്മൾ സ്വീകരിച്ചിരിക്കുന്ന നയങ്ങളുടെ പിശകുകൊണ്ടല്ല ഇങ്ങനെ വരുന്നത്.

ശ്രീ. എം. എം. ഹസ്സൻ: നാഷണൽ നെറ്റ്വർക്ക് പ്രോഗ്രാം മറ്റു സംസ്ഥാനങ്ങളിൽ വളരെ കുറച്ചുമാത്രം സ്വീകരിച്ചുകൊണ്ട് പ്രത്യേകിച്ച് തമിഴ്നാട്ടിൽ തമിഴ് പരിപാടികൾക്കാണ് പ്രാമുഖ്യം നൽകുന്നത്,

LIBRARY ARCHIVES Kerala Legislative Assembly

അത് കേരളാഗവൺമെൻറ് കേന്ദ്രത്തിൻെറ ശ്രദ്ധയിൽപ്പെടുത്തി ഇവിടേയും മലയാള സംപ്രേക്ഷണത്തിൻെറ സമയം ഇപ്പോഴത്തെ നിലയിൽ വർദ്ധിപ്പിച്ചെടുക്കുന്നതിന് അടിയന്തിര നടപടികൾ എടുക്കുമോ?

ശ്രീ. കെ. എം. മാണി: തമിഴ്നാട്ടിലേത് സമ്പൂർണ്ണ കേന്ദ്രമായതുകൊണ്ടാണ് അവിടെ പ്രാദേശികമായ പരിപാടികൾക്ക് കൂടുതൽ സമയമെടുക്കുന്നത്. ഞാൻ മുമ്പു പറഞ്ഞതുപോലെയുള്ള സജ്ജീകരണങ്ങളോടും സംവിധാനങ്ങളോടുംകൂടി തിരുവനന്തപുരം സമ്പൂർണ്ണകേന്ദ്രമാക്കുന്നുവെങ്കിൽ നമുക്ക് സ്വന്തമായി 8.40 വരെ നമ്മുടെ പരിപാടികൾ നടത്താം.

ശ്രീ. എ. കെ. ശശീന്ദ്രൻ: ഔദ്യോഗിക വാർത്താ മാദ്ധ്യമങ്ങളുടെ ഈ കാലഘട്ടത്തിൽ ടെലിവിഷനു ഏറ്റവും പ്രധാനപ്പെട്ട വാർത്താമാദ്ധ്യമമായി മാറിയിരിക്കുന്ന ഈ കാലഘട്ടത്തിൽ ഭരണകൂടത്തിൻെറ ഔദ്യോഗിക വിവരങ്ങൾ വെളിപ്പെടുത്തുന്നതിനും അവരുടെ പ്രചരണത്തിനും വേണ്ടി മാത്രം ഉപയോഗിക്കുന്ന സ്ഥാപനമായി ഇത് അധഃപതിച്ചിരിക്കുകയാണ്. അതൊരു സ്വതന്ത്രവാർത്താമാദ്ധ്യമമാക്കി മാറ്റുന്നതിനാവശ്യമായ നടപടി സ്വീകരിക്കുവാൻ കേരള ഗവൺമെൻറ് കേന്ദ്രഗവൺമെൻറിനോടാവശ്യപ്പെടുമോ?

ശ്രീ. കെ. എം. മാണി: ഭരണ കക്ഷിയംഗങ്ങൾക്ക് മതിയായ പ്രാതിനിധ്യം കൊടുക്കുന്നില്ലെന്നും പ്രതിപക്ഷപാർട്ടികൾക്കാണ് കൂടുതൽ പ്രാതിനിധ്യം കൊടുക്കുന്നതെന്നും ഭരണകക്ഷിയിലെ ചില ആളുകൾക്ക് ആക്ഷേപമുണ്ട്. ആ ആക്ഷേപമെന്തുമാകട്ടെ. ഇക്കാര്യത്തിൽ കേന്ദ്രത്തിൻെറ നയം നിഷ്പക്ഷമാണ്. ഇതിൽ രാഷ്ട്രീയമില്ല. നിഷ്പക്ഷമായി വാർത്തകൾ പ്രചരിപ്പിക്കുകയാണ്.

ശ്രീ. ആർ. എസ്. ഉണ്ണി: ഈ പ്രക്ഷേപണപരിപാടികളിൽ അമ്മ പെങ്ങൻമാരുൾപ്പെടെ കുടുംബസമേതം കാണാൻ പറ്റാത്ത പല ഇനങ്ങളും ഇപ്പോൾ വരുന്നുണ്ട്. ഓരോ ദിവസം കഴിയുന്തോറും അതിൻെറ കാഠിന്യമേറിവരുകയാണ്. കുടുംബസമേതം കാണാൻ കൊള്ളാവുന്ന പരിപാടികൾ പ്രക്ഷേപണം ചെയ്യാൻ തയ്യാറാകുമോ?

ശ്രീ. കെ. എം. മാണി: പൊതുവേ ചില കാര്യങ്ങളെ സംബന്ധിച്ച് ശരിയാണെങ്കിലും കാലം മാറുന്നതനുസരിച്ച് പഴയ കാലത്ത് കാണാൻ കൊള്ളില്ലാത്ത പലതും ഇപ്പോൾ കാണാൻ കൊള്ളാവുന്നതായിട്ട് മാറിയിരിക്കുകയാണ്.

ശ്രീ. കാനം രാജേന്ദ്രൻ: തിരുവനന്തപുരം റിലേ കേന്ദ്രം സമ്പൂർണ്ണമാക്കുന്നതിന് സജ്ജീകരണങ്ങളുടെയും മറ്റും തകരാറുകളുണ്ടെന്ന് ബഹുമാന്യപ്പെട്ട മന്ത്രി ഇവിടെ പറയുകയുണ്ടായി. തിരുവനന്തപുരം ടി. വി. കേന്ദ്രത്തിനുവേണ്ടി അനുവദിച്ച എക്യുപ്മെൻറ്സ് ജലന്ധറിൽ കൊണ്ടുപോകുകയും ജലന്ധറിലുള്ള എക്യുപ്മെൻറ്സ് ഇവിടെ കൊണ്ടുവരുകയും ചെയ്തിട്ടുള്ളതുകൊണ്ട് ഈ റിലേ കേന്ദ്രത്തിന് പെർഫെക്ഷൻ വളരെ കുറവാണെന്നുള്ളത് മനസ്സിലാക്കി ഇവിടെ പുതിയ എക്യുപ്മെൻറ് ലഭിക്കുന്നതിനുവേണ്ടി ആവശ്യമായ സമ്മർദ്ദം ചെലുത്തുമോ?

ശ്രീ. കെ. എം. മാണി: ഇവിടത്തേയ്ക്ക് കൊണ്ടുവന്ന എക്യുപ്മെൻറ്സ് എങ്ങോട്ടേക്കെങ്കിലും മാറ്റിയതായിട്ടറിയില്ല. എന്തായാലും ഇവിടത്തേത് ഒരു സമ്പൂർണ്ണകേന്ദ്രമാക്കിത്തീർക്കുന്നതിനുവേണ്ടി സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly